LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർക്ക് ഹിൽടാക്ട് അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

65(70) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് ഹിൽടാക്ട് അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

&

(ബി) ഏതൊക്കെ വകുപ്പുകളിലെ ജീവനക്കാർക്കാണ് ഹിൽടാക്ട് അലവൻസ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പെൻഡിക്സ് IX-ൽ ഉൾപ്പെടുത്തിയിട്ടുള്ള മലമ്പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്കാണ് ഹിൽ ടാക്ട് അലവൻസിന് അർഹതയുള്ളത്.

(സി) ഇതുസംബന്ധിച്ച ഏറ്റവും പുതിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പെൻഡിക്സ് -IX അല്ലാതെ ഈ വിഷയത്തിൽ പുതിയ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലെ ജീവനക്കാ ർക്കാണ് ഹിൽടാക്ട് അലവൻസിന് അർഹതയുള്ളതെന്ന് അറിയിക്കാമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പെൻഡിക്സ് -IX പ്രകാരം കാസർഗോഡ് ജില്ലയിലെ ഒരു പ്രദേശവും ഹിൽ ടാക്ട് അലവൻസിന് അർഹതയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്നില്ല.

പങ്കാളിത്ത പെൻഷൻ പദ്ധതി

66(71) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് വിദഗ്ധ സമിതിയെ നിയമിച്ചിരുന്നുവോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോ ധിക്കുന്നതിനായി സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയെ നിയമിച്ചിരുന്നു.